# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2252 11.02.2020-ൽ മറുപടിക്ക്

## തിരുവനന്തപുരം മ്യൂസിയത്തിന്റെ വികസനം

**ചോദ്യം**

ശ്രീ.വി.കെ.പ്രശാന്ത്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മ്യൂസിയത്തിന്റെ വികസനത്തിനായി നടപ്പാക്കി വരുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതികളെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പ്രധാനമായും നേപ്പിയർ മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീചിത്രാ ആർട്ട് ഗ്യാലറി എന്നിവയാണ് പ്രവർത്തിച്ചു വരുന്നത്. ഇതിൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പുരാരേഖാ വകുപ്പിന്റെ ധനസഹായത്തോടെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ലൈബ്രറിയുടെ നവീകരണ പ്രവർത്തികൾ നടത്തിവരുന്നു. കൂടാതെ നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണ പുനരുദ്ധാരണത്തിനായി സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കിയ ഡി.പി.ആർ., ധനസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സാംസ്കാരികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മ്യൂസിയത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) & (സി) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്ന നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, നേപ്പിയർ മ്യൂസിയം എന്നിവ ആകർഷകമാക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിൽ പ്രദർശന സംവിധാനം ഒരുക്കു ന്നതിനാവശ്യമായ ഗ്യാലറി സജ്ജീകരിക്കൽ, ഭൂമുഖത്തുനിന്നും വംശനാശം നേരിട്ട ജീവികളുടെ ത്രിമാന രൂപങ്ങൾ നിർമ്മിക്കൽ, മികച്ച രീതിയിലും ആകർഷണത്തിലുമുള്ള ലൈറ്റിംഗ് സംവിധാനങ്ങൾ, ഭിന്നശേഷി സന്ദർശകർ ക്കായി കൂടുതൽ മെച്ചപ്പെട്ട ഭൗതിക സാകര്യങ്ങൾ ഒരുക്കൽ, ശീതീകരണ സംവിധാനം, സുരക്ഷയുടെ ഭാഗമായി അഗ്നി രക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, മ്യൂസിയങ്ങൾ കൂടുതൽ മിഴിവും ആകർഷണവുമാക്കുന്നതിനായി സന്ദർശകർക്ക് ദൃശ്യ ശ്രവ്യ സംവിധാനങ്ങളോടുകൂടിയ കിയോസ്കുകൾ, മൊബൈൽ ആപ്പ് സംവിധാനം, നൂതന സാങ്കേതിക വിദ്യയിൽ ഗ്യാലറി സജ്ജീകരിക്കൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കി കഴിഞ്ഞു. കൂടാതെ വിശ്വവിഖ്യാത ചിത്രകാരനായ ശ്രീ.രാജാ രവിവർമ്മയുടെയും |
| (സി) | മ്യൂസിയം കൂടുതൽ ആകർഷകമാക്കുന്നതിനായി മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | മറ്റ് നിരവധി പ്രശസ്ത ചിത്രകാരന്മാരുടെയും പെയിന്റിംഗുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് കൺസർവേഷൻ പ്രവർത്തികൾക്കായി ഭരണാനുമതി നൽകുകയും തുടർന്നുള്ള കൺസർവേഷൻ പ്രവർത്തികളുടെ പ്രാരംഭ പ്രവർത്തികൾ വിദഗ്ധ സമിതിയുടെ മേൽ നോട്ടത്തിൽ സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന നടത്തുന്നതിന് നടപടികൾ ആരംഭിച്ച കഴിഞ്ഞു. കൂടാതെ നിരവധി വർഷങ്ങളായുള്ള സാംസ്കാരിക നായകരുടെയും പൊതു ജനങ്ങളുടെയും, ചിത്രകാരന്മാരുടെയും നിരന്തരമായ ഇടപെടൽ മൂലം ശ്രീചിത്രാ ആർട്ട് ഗ്യാലറി നിലനിൽക്കുന്ന സ്ഥലത്ത് തന്നെ രാജാരവിവർമ്മയുടെ വിലമതിക്കാനാകാത്തതും അപൂർവ്വവുമായ പെയിന്റിംഗ് സൃഷ്ടികൾ പ്രദർശിപ്പിച്ച് സൂക്ഷിക്കുന്നതിന് ഒരിടം എന്ന നിലയിൽ പുതിയതായി ഒരു ആർട്ട് ഗ്യാലറി കെട്ടിടം നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ച വരുന്നു. പുതിയൊരു ശ്രീ ചിത്രാആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിനു വേണ്ടി 2020-21 വർഷത്തേക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ 8 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ബൊട്ടാണിക്കൽ ഗാർഡന് ചുറ്റം പൈതൃക വിളക്കുകൾ സ്ഥാപിച്ച കൊണ്ട് സുരക്ഷാവേലി നിർമ്മിച്ച കൂടാതെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുമ്പോൾ ടി മ്യൂസിയത്തിന്റെ ബൃഹത് ഭംഗി കൂട്ടുന്നതിന് നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന് മുന്നിലായുള്ള റോസ് ഗാർഡന്റെ നവീകരണം നടത്തി പൈതൃക വിളക്കുകൾ സ്ഥാപിച്ച് റോസ് ഗാർഡന്റെ നടുവിലായി വളരെ ആകർഷകവും നയന മനോഹര രീതിയിലും ഒരു വാട്ടർ ഫൗണ്ടൻ സ്ഥാപിച്ചു. വിവിധ നിറങ്ങളിലുള്ള റോസ് പുഷ്പങ്ങൾ കൊണ്ട് വളരെ മനോഹരിതമായ രീതിയിൽ ഒരു പൂങ്കാവനം തന്നെ സൃഷ്ടിച്ച് പൊതുജനങ്ങൾക്ക് ആകർഷകമാക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**